**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ശബരിമല വികസനവും ഭക്തർക്ക് സംതൃപ്തമായ തീർത്ഥാടനാനുഭവം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിടുന്ന ശബരിമല മാസ്റ്റർ പ്ലാൻ സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ശബരിമല മാസ്റ്റർപ്ലാൻ സംബന്ധിച്ച നടപടികളിലെ പുരോഗതി സർക്കാർ കൃത്യമായി വിലയിരുത്തുന്നുണ്ട്.<br><br>ശബരിമല തീർത്ഥാടനത്തിനെത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ശബരിമല മാസ്റ്റർപ്ലാനിന് അംഗീകാരം നൽകി. സന്നിധാനം, പമ്പ, ട്രക്ക് റൂട്ട്, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്.<br><br>ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിന്റെ ലേ ഔട്ട് പ്ലാനിന് 2020-ൽ തന്നെ സർക്കാർ അംഗീകാരം നൽകിയിരുന്നു. ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ട്രെക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ 09.01.2025 തീയതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.<br><br>ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയും ആണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്.<br><br>ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി 2021 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - I ആയും പുരോഗമിക്കുന്നതായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I A ആയും ചേർക്കുന്നു |
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2009-ൽ രൂപീകരിച്ച ശബരിമല മാസ്റ്റർപ്ലാൻ ഹൈ പവർ കമ്മിറ്റിയാണ് ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. ശബരിമല മാസ്റ്റർപ്ലാൻ കമ്മിറ്റിയെ സാങ്കേതിക കാര്യങ്ങളിൽ ഉപദേശിക്കുന്നതിന് വിദഗ്ധ സമിതി (ടെക്നിക്കൽ കമ്മിറ്റി) പ്രവർത്തിച്ചു വരുന്നു. ഹൈപവർ കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധം - II ആയും ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധം - II A ആയും ചേർക്കുന്നു. |
| (സി) | മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി പദ്ധതികളുടെ ആസൂത്രണത്തിലും പൂർത്തീകരണത്തിലും ഗതിവേഗം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ട്രെക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ |

| | | | |
|---|---|---|---|
| | | | 09.01.2025 തീയതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട വിവിധ പദ്ധതികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം - III ആയി ചേർക്കുന്നു. |
| (ഡി) | ശബരിമല വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വനഭൂമിയുടെ ഉപയോഗത്തിന് കേന്ദ്രസർക്കാരിൽ നിന്നും സമയബന്ധിതമായി അനുമതി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. പമ്പ ഗണപതി ക്ഷേത്രം മുതൽ ഹിൽടോപ്പ് വരെയുള്ള സുരക്ഷാ പാലം നിർമ്മാണത്തിനാവശ്യമായ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ പരിവേഷ് (PARIVESH) പോർട്ടലിൽ അപ്‌ലോഡ് ചെയ്തപ്പോൾ ഒട്ടേറെ തടസ്സങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സുരക്ഷാ പാലം നിർമ്മാണ കാര്യം ശബരിമല മാസ്റ്റർപ്ലാൻ രേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യമാണ്. പമ്പയിൽ 2018-ൽ ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിലാണ് സുരക്ഷാ പാലത്തിന്റെ ആവശ്യകത ഉയർന്നുവന്നിട്ടുള്ളത്. ശബരിമല മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ചത് 2007-ലാണ്. 09.01.2025-ൽ സർക്കാർ അംഗീകരിച്ച പമ്പ ലേ ഔട്ട് പ്ലാനിൽ സുരക്ഷാ പാലം ഉൾപ്പെട്ടിട്ടുള്ളതുമാണ്.<br><br>കൂടാതെ പമ്പ ഹിൽടോപ് മുതൽ സന്നിധാനം പോലീസ് ബാരക്ക് വരെയുള്ള റോപ് വേ നിർമ്മാണത്തിന് 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യുന്നതിന് അനുമതി നൽകുന്ന നടപടിയും നിലവിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ (NBWL) പരിഗണനയിലാണുള്ളത്. |

സെക്ഷൻ ഓഫീസർ

QN. No. 42

ANNEXURE – I



# SABARIMALA MASTER PLAN

## STATEMENT SHOWING THE LIST OF PROJECTS COMPLETED DURING 2021-26

| Sl. No. | Name of Project | AS /Estimate Amount Rs. | PAC | Date of Commencement | Date of Completion | Expenditure Incurred on 24.06.2026 | Remarks |
|---|---|---|---|---|---|---|---|
| 1. | SMP-Sabarimala- Extension of Annadanamandam at Sannidhanam | 12,05,00,000/- | 11,79,00,000/- | 14.03.2017 | 31.03.2021 | 11,14,15,983/- | |
| 2. | SMP-Sabarimala-Relocation of Bhandaram-Supply of Furniture | 1,40,00,000/- | 86,28,841/- | 14.11.2019 | 15.08.2023 | 86,28,841/- | |
| 3. | SMP-Preparation of Layout Plan for Pampa & Trek Route | ……… | 39,17,600/- | ……… | 09.01.2025 | 35,25,840/- | 90% of payment made as per the payment schedule of the agreement. Balance 10% ie; Rs. 3,91,760/- to be paid |
| 4. | SMP-Preparation of Layout Plan for Sannidhanam Sabarimala | ……… | 55,10,600/- | ……… | 09.01.2025 | 49,59,540/- | 90% of payment made as per the payment schedule of the agreement. Balance 10% ie; Rs. 5,51,060/- to be paid |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | SMP-Pampa-Refurbishment of Guest House at Pampa and Parking facilities (Tractor & Official parking) | 1,15,00,000/- | 1,04,04,868/- | 27.07.2024 | 29.12.2024 | No bill paid | Bill under scrutiny |
| 6. | SMP-Sabarimala-Improvement works to the front side of toilet complex at Sabarimala constructing retaining wall (Balance works) | 1,95,00,000/- | 1,36,97,064/- | 22.04.2017 | 31.05.2025 | 55,11,902/- | The balance work arranged through another contractor separately & the same is completed. |
| 7. | SMP-Implementation of Two Bin Waste System with the Fabrication of Steel cages (protection from wild boars) for collection of Solid Waste between Pampa & Valiya Nadapanthal | 35,00,000/- | 32,38,028/- | 21.03.2024 | 31.10.2025 | No payment made | Bill under scrutiny |

QN.No.42

ANNEXURE-IA



# SABARIMALA MASTER PLAN

## STATEMENT SHOWING THE LIST OF PROJECTS UNDER EXECUTION

| Sl. No. | Name of Project | AS /Estimate Amount Rs. | PAC | Date of Commencement | Expected Date of Completion | Expenditure Incurred as on 24.01.2026 | Remarks |
|---|---|---|---|---|---|---|---|
| 1. | SMP - Nilakkal - Infrastructure for Police Personnel and for KSRTC Personnel | 12,41,15,000/- | 12,36,29,935/- | 24.10.2019 | 31.10.2025 | 7,37,44,517/- | Work in progress |
| 2. | SMP-Sabarimala-Construction/Establishment of 1.5 TPD Capacity Biomethanation Plant (Biogas Plant) at Sannidhanam including Operation & Maintenance (O&M) for 3 years | 1,29,40,000/- | 1,29,40,000/- | 27.08.2019 | 30.09.2025 | 13,57,000/- | The firm who has undertaken the work has agreed to complete the work within three months after receipt of pending payments |
| | Total | | | | | 7,51,01,517/- | |

QN. No.42

ANNEXURE - II

SARANAM AYYAPPA

# HIGH POWER COMMITTEE FOR THE IMPLEMENTATION OF SABARIMALA MASTER PLAN

## Members of the High Power Committee

| SL. No. | Name |
|---|---|
| 1. | **Shri. Justice S. Siri Jagan**<br>Former Judge, High Court of Kerala<br>Chairman |
| 2. | **Shri. K. Jayakumar**<br>President, Travancore Devaswom Board<br>Member |
| 3. | **Adv. K. Raju**<br>Member I, Travancore Devaswom Board<br>Member |
| 4. | **Adv. P.D. Santhoshkumar**<br>Member II, Travancore Devaswom Board<br>Member |
| 5. | **Shri. B. Sunilkumar**<br>Devaswom Commissioner<br>Member Secretary |
| 6. | **Shri. Bishwanath Sinha IAS**<br>Additional Chief Secretary to Government Home &<br>Vigilance Department<br>Member |
| 7. | **Shri. R. Jayakrishnan**<br>Spl. Judge for trial of SC/ST (Prevention of Atrocities Case), Kottarakkara<br>Special Commissioner, Sabarimala<br>Invitee |
| 8. | **Shri. S. Sreejith**<br>ADGP-Headquarters<br>Chief Police Co-ordinator, Sabarimala<br>Member |
| 9. | Principal Chief Conservator of Forests (Wild Life) & Chief Wildlife Warden, Kerala<br>Member |

| | |
|---|---|
| 10. | Managing Director, Kerala Water Authority<br>Member |
| 11. | Inspector General of Forests NTCA,<br>New Delhi<br>Member |
| 12. | **Shri. S. Prem Krishnan IAS**<br>District Collector Pathanamthitta<br>Member |
| 13. | **Er. S. Sreekala**<br>Chairperson, Kerala State Pollution Control Board<br>Member |
| 14. | **Shri. Renjith K. Sekhar**<br>Chief Engineer, Travancore Devaswom Board<br>Member |
| 15. | Chief Engineer (Distribution-South) KSEB Ltd.<br>Member |
| 16. | Chief Engineer (Transmission-South) KSEB Ltd.<br>Member |
| 17. | **Shri. G. Satheeshkumar**<br>Chartered Accountant, Ernakulam<br>Member |
| 18. | **Shri. Biley Elattuvalappil Menon**<br>Architect, Ernakulam<br>Member |
| 19. | **Shri. K. R. Gopalakrishnan**<br>Advisor, IL&FS<br>Member |
| 20. | Representative<br>IL & FS Environmental Infrastructure & Service Ltd.,<br>(Formerly **IL & FS Ecosmart Ltd**.) 4th Floor, Dr. Gopal Das Bhwan, 28,<br>Barakhamba Road, Connaught Place, New Delhi – 110 001<br>(Company Prepared the Master Plan)<br>Member |

Q.N. No. 42

ANNEXURE - IIA



SARANAM AYYAPPA

# HIGH POWER COMMITTEE FOR THE IMPLEMENTATION OF SABARIMALA MASTER PLAN

## MEMBERS OF THE TECHNICAL COMMITTEE

| Name | Designation |
|---|---|
| **Dr. Ajit Haridas**<br>Former Chief Scientist & Head of Environmental Technology Division, NIIST, Thiruvananthapuram & Chairman, KSPCB | Chairman |
| **Renjith K Shekar**<br>Chief Engineer<br>Travancore Devaswom Board | Member |
| **R. Satheesh**<br>Former Deputy Chief Engineer<br>Kerala Water Authority (KWA) | Member |
| **K.R. Gopalakrishnan**<br>Former Superintending Engineer, LSGD, Government of Kerala | Member |
| **M. Dileepkumar**<br>Former Director, Suchitwa Mission & Senior Environmental Engineer, KSPCB | Member |
| **S.S. Namboodiri**<br>Former Executive Engineer<br>KSPCB & PWD | Member |
| **P. S. Jolly Ullas**<br>Former Chief Engineer (General)<br>Travancore Devaswom Board | Member |
| **S. Sadasivan**<br>Former Electrical Inspector<br>Govt. of Kerala | Member |

| | |
|---|---|
| **C. Vinodkumar**<br>Former Executive Engineer (Civil)<br>KSEB | **Member** |
| **Dr. Sunil Edward**<br>Former Dean (P G Studies) &<br>Prof. in Architecture<br>College of Engineering Trivandrum | **Member** |
| **G. S. Baiju**<br>Former Executive Engineer<br>Works Department, TDB<br>Project Manager<br>Sabarimala Master Plan | **Member Convener** |

QN. No. 42

ANNEXURE-III

# SABARIMALA MASTER PLAN

**Projects for which Detailed Project Report (DPR) has already been prepared**

| Sl. No. | Name of Project | DPR Cost Rs. | Anticipated Expenditure Rs. |
|---|---|---|---|
| 1. | Construction of Rescue Bridge from Pampa Ganapathy Temple to Hilltop | 39.90 Cr. | 50.00 Cr. |
| 2. | Providing Firefighting arrangements for various buildings at Sannidhanam including Annadanamandapam | 3.717 Cr. | 5.00 Cr. |
| 3. | Construction of Roads and connected bridges at Nilakkal (Outside the Core Area) | 144.03 Cr. | 180.00 Cr. |
| 4. | Construction of Pilgrim amenity centre, Thanthri Madom and Prasadam Complex at Sannidhanam | 95.95 Cr. | 120.00 Cr. |